**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3527** | **11-12-2018-ൽ മറുപടിക്ക്**

**മീനംപള്ളിതോട് വാട്ടർഷെഡ് പദ്ധതി**

**ചോദ്യം** — **ശ്രീ. ഐ.ബി. സതീഷ്**

**മറുപടി** — **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കാട്ടാക്കട മണ്ഡലത്തിലെ മണ്ണ് പര്യവേഷണ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭ്യമായ മീനംപള്ളിതോട് വാട്ടർഷെഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ആർ.ഐ.ഡി.എഫ് 22 -ാം ഘട്ടത്തിൽ ഉൾപ്പെടുത്തി അരുവിക്കര, വിളപ്പിൽ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന മീനമ്പള്ളിതോട് വാട്ടർഷെഡ് പദ്ധതിയിൻ കീഴിൽ 95 ലക്ഷം രൂപ അടങ്കലിൽ 380 ഹെക്ടർ പ്രദേശത്ത് ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ അവലംബിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ 2018 ഫെബ്രുവരി മാസം ആരംഭിച്ചിട്ടുണ്ട്. പദ്ധതിയിൽ നാളിതുവരെ 0.62 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; ആയത് എന്ന് ആരംഭിച്ച് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | ആർ.ഐ.ഡി.എഫ് 22-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന മീനമ്പള്ളിതോട് പദ്ധതിയ്ക്ക് 25.11.2016 ൽ ഭരണാനുമതിയും 5.5.2017 ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു. ഗുണഭോക്തൃ കമ്മിറ്റിയിലുണ്ടായ അഭിപ്രായ വ്യത്യാസം കാരണമാണ് പദ്ധതി ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ 2018 ഫെബ്രുവരി മാസം ആരംഭിച്ചുവെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം പദ്ധതി പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടായില്ല. തിരുവനന്തപുരം ജില്ല മണ്ണ് സംരക്ഷണ ആഫീസ് മുഖേനയാണ് പ്രാരംഭ പദ്ധതി പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വന്നിരുന്നത്. പദ്ധതി പ്രദേശത്തിനോടുള്ള സാമീപ്യം കണക്കിലെടുത്ത് |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണം അരുവിക്കര മണ്ണ് സംരക്ഷണ അസിസ്റ്റന്റ് ഡയറക്ടർ ആഫീസിലേക്ക് മാറ്റി നൽകുകയുണ്ടായി. പദ്ധതി പ്രവർത്തനങ്ങൾ അരുവിക്കര ആഫീസ് മുഖേന പുനരാരംഭിച്ചിട്ടുണ്ട് ആർ.ഐ.ഡി.എഫ് 22 പദ്ധതി കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ